മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

**വാർത്താക്കുറിപ്പ്**

**2024 നവംബർ 6**

---

# വിദ്യാഭ്യാസ മേഖലയിൽ നിർമിത ബുദ്ധി ക്രിയാത്മകമായി പ്രയോജനപ്പെടുത്തണം-അച്യുത് ശങ്കർ എസ്. നായർ

*നിർമിത ബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ സാധ്യതകൾ വിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ കഴിയണമെന്ന് വിദ്യാഭ്യാസ വിദഗ്ധനും കേരള സർവകലാശാലയിലെ കമ്പ്യൂട്ടേഷണൽ ബയോജളി ആന്റ് ബയോ ഇൻഫർമാറ്റിക്സ് വിഭാഗം മുൻ മേധാവിയുമായ പ്രഫ. അച്യുത് ശങ്കർ എസ്. നായർ പറഞ്ഞു. നിർമിതി ബുദ്ധിയുടെ കാലത്തെ വിലയിരുത്തലും മൂല്യനിർണയവും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.*

*മനുഷ്യനും സാങ്കേതികവിദ്യയും സഹജീവനം നടത്തുന്ന കാലമാണ് വരാൻ പോകുന്നത്. നിർമിത ബുദ്ധിയുടെ സാധ്യതകൾ കണക്കിലെടുക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിലെ മൂല്യനിർണയ പ്രക്രിയയിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാകും. നിലവിലെ വിലയിരുത്തൽ രീതികളിൽ പലതും അപ്രസക്തമാകുകയും ചെയ്യും-അദ്ദേഹം പറഞ്ഞു.*

*സർവകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ സംഘടിപ്പിച്ച പരിപാടിയിൽ ഔട്ട്കം ബേസ്ഡ് എജ്യുക്കേഷൻ എന്ന പുസ്തകത്തിന്റെ പ്രകാശനം അച്യുത് ശങ്കർ എസ് നായർക്കു നൽകി വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ നിർവഹിച്ചു. സർവകലാശാലയിലെ പ്രഫ. സജിമോൻ എബ്രഹാം, പ്രഫ. സജ്ന ജലീൽ, ടി.ജി. ഗീതു എന്നിവർ ചേർന്ന് എഴുതിയ പുസ്തകം വിദ്യാഭ്യാസ രീതികളിൽ പുതുവീക്ഷണം നൽകുന്നതാണ്.*

*വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഐക്യുഎസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, സിൻഡിക്കേറ്റ് അംഗം പ്രഫ. ബീന മാത്യു, ഇൻഫിനിറ്റി ഇൻഡിക്ക പബ്ലിഷേഴ്സ് സിഇഒ ആദിത്യ ശങ്കർ എന്നിവരും പഠന വകുപ്പുകളിലെ അധ്യാപകരും പങ്കെടുത്തു.*

ഫോട്ടോ ക്യാപ്ഷൻ..
*മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ചടങ്ങിൽ ഔട്ട്കം ബേസ്ഡ് എജ്യുക്കേഷൻ എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രഫ. അച്യുത് ശങ്കർ എസ്. നായർക്കു നൽകി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു. പ്ര*

*ഫ. സജിമോൻ ഏബ്രഹാം, പ്രഫ. സജ്ന ജലീൽ, ടി.ജി. ഗീതു, ഡോ. റോബിനെന്റ് ജേക്കബ്, പ്രഫ. ബീന മാത്യു എന്നിവർ സമീപം.*

*(പി.ആർ.ഒ/39/990/2024)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎ (മോഡൽ 1, 2, 3 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 11 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

..............

*മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ അറബിക്ക് (2014, 2015 അഡ്മിഷൻ മെഴ്സി ചാൻസ്, 2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 20 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

...........................

*ഏഴാം സെമസ്റ്റർ ഐഎംസിഎ (2020 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഏഴാം സെമസ്റ്റർ ഡിഡിഎംസിഎ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 21 വരെ അപേക്ഷ സമർപ്പിക്കാം.*

*(പി.ആർ.ഒ/39/991/2024)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ ബിവോക്ക് സോഫ്റ്റ് വെയർ ഡെവലപ്മെന്റ് ആന്റ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ, സോഫ്റ്റ് വെയർ ക്വാളിറ്റി അഷുറൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (2022 അഡ്മിഷൻ റെഗലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/992/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**